## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*422** **16.05.2017 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അടൂർ പ്രകാശ്**<br>**,, എ.പി. അനിൽ കുമാർ**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, വി.ടി.ബൽറാം** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 1000.00 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ അനുബന്ധം -I ആയി ചേർത്തിട്ടുണ്ട്.<br>ഇത് കൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കി വരുന്നു. |
| ബി) ആരുടെയെല്ലാം സേവനങ്ങൾ ജൈവകൃഷി പദ്ധതിയുടെ നടത്തിപ്പിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | ബി) ജൈവകൃഷി നടത്തിപ്പിനായി സംസ്ഥാന കൃഷി വകുപ്പ് കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ, കുടുംബശ്രീ യൂണിറ്റുകൾ, കാർഷിക കൂട്ടായ്മകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്. |
| സി) ഈ സർക്കാരിന്റെ കാലത്ത് ഈ മേഖലയിലെ കൃഷിയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | സി) കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യ പടിയായി ഈ വർഷം 10,000 ഹെക്ടർ സ്ഥലത്ത് ജൈവ രീതിയിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇത് അടുത്ത അഞ്ച് വർഷം കൊണ്ട് |

50,000 ഹെക്ടർ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വർഷം മുഴുവൻ സംസ്ഥാനത്ത് പച്ചക്കറിയുടെ ലഭ്യതയും വിപണനവും സുഗമമാക്കുന്നതിനായി 52 ആഴ്ചകൾ നീളുന്ന ഒരു ഉല്പാദന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2016-17-ൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ സംസ്ഥാനആവിഷ്കൃത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഇത് കൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവ ഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ചത്, 2016-17 -ൽ ഈ പദ്ധതിക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

S. [signature]

**സെക്ഷൻ ഓഫീസർ**

## അനുബന്ധം- I

- കാസർഗോഡ് ജില്ലയിൽ ജൈവ കൃഷിക്കും പി.ജി.എസ് സർട്ടിഫിക്കേഷനുമായി -1000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിന് ഒരു ഹെക്ടറിന് 6000 രൂപ നിരക്കിൽ 60.00 ലക്ഷം രൂപ
- ജൈവകൃഷിപ്രോത്സാഹിപ്പിക്കുന്നതിനായി - 500 ക്ലസ്റ്ററുകൾക്ക് (5ഹെക്ടർ മുതൽ 25 ഹെക്ടർ വരെ) ഹെക്ടറിന് 3000 രൂപ നിരക്കിൽ 375.00 ലക്ഷം രൂപ
- ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം - ഒരു ബ്ലോക്കിൽ 5 റ്റൂറൽ കംമ്പോസ്റ്റ് യൂണിറ്റുകൾ വീതം നിർമ്മിക്കാൻ യൂണിറ്റ് ഒന്നിന് 5000 രൂപ നിരക്കിൽ ധനസഹായം. 146 ബ്ലോക്കുകളിലായി 730 യൂണിറ്റുകൾക്ക് 36.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.
- ജൈവ ഉല്പന്നങ്ങളുടെ പാക്കിംഗ്, ബ്രാൻഡിംഗ്, വിപണനം ധനസഹായം ജൈവരീതിയിൽ കൃഷി ചെയ്ത് ഉൽപാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറി ഉൽപന്നങ്ങൾ ഗ്രേഡിംഗ്,പാക്കിംഗ് മുതലായവ നടത്തി വില്പന നടത്തുന്നതിനായി - 21 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ ക്രമത്തിൽ 63.00 ലക്ഷം രൂപ.
- ജൈവ രീതിയിൽ ഉല്പാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറികൾ വിപണനം നടത്തുന്നതിന് ജി.എ.പി സർട്ടിഫിക്കേഷനോടുകൂടി വില്പന നടത്തുന്നതിന് എല്ലാ ജില്ലകളിലും ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം - 100 ഇക്കോഷോപ്പുകൾക്ക് 2.00 ലക്ഷം രൂപ നിരക്കിൽ 200.00 ലക്ഷം രൂപയുടെ ധനസഹായം
- ഇക്കോഷോപ്പുകൾ മുഖേന ജൈവ ഉല്പന്നങ്ങൾ നൽകുന്ന കർഷകർക്കുള്ള ഇൻസെൻറ്റിവ് - 166 ഇക്കോഷോപ്പുകൾക്ക് 25000 രൂപ നിരക്കിൽ 41.50 ലക്ഷം രൂപ
- സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലങ്ങൾക്കുള്ള അവാർഡ് - ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനായി - 123 ലക്ഷം രൂപ

S. [signature]

**സെക്ഷൻ ഓഫീസർ**

## അനുബന്ധം- II

- നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചു കൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു ഒരു ഹെക്ടറിന് 3000/- രൂപ നിരക്കിൽ ക്ലസ്റ്ററുകൾക്ക് 305.609 ലക്ഷം രൂപ ധനസഹായം നൽകി.

- കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചു കൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ജി എ പി സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തി വരുന്നു.

- കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1622 റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു (ആകെ 2979 യൂണ്ണിറ്റുകൾ) റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000/- രൂപ വീതവും മണ്ണിരകമ്പോസ്റ്റ് യൂണിറ്റിന് 7,500/- രൂപ വീതവും എന്ന നിരക്കിൽ 182.50 ലക്ഷം രൂപ ധനസഹായം നൽകി.

- ജൈവ പച്ചക്കറി വിപണനം നടത്തുതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു വിഷരഹിത പഴം - പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ചു കൃഷി ചെയ്യു വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി ജി. എ. പി. ക്ലസ്റ്ററുകളിൽ നിന്നും കാർഷികോത്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തി വരുന്നു. കൂടാതെ ജി. എ. പി. ക്ലസ്റ്ററുകളിലെ കർഷകരിൽ നിന്നും പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി നഗരസഭകളിലും, മുൻസിപ്പാലിറ്റികളിലുമുള്ള റെസിഡൻസ് അസോസിയേഷൻ മുഖേന വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി. ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി എ പി സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി.

- ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

S. [signature]

**സെക്ഷൻ ഓഫീസർ**